**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം  നഗരകാര്യഡയറക്ടറേറ്റിലെ ജീവനക്കാർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരായി സെക്ഷൻ ക്ലാർക്ക് ശ്രീമതി ടി.എസ് കുമാരി സുജ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1424/2019/തസ്വഭവ          തീയതി, തിരുവനന്തപുരം, 09.07.2019

---

പരാമർശം : 1. 14.03.2017 തീയതിയിലെ ഇയു2-80/2017-തസ്വഭവ നമ്പർ സർക്കാർ കത്ത്.

2. നഗരകാര്യഡയറക്ടറുടെ 21.11.2018 തീയതിയിലെ വി1-7086/17 നമ്പർ ഉത്തരവ്.

3. ശ്രീമതി ടി.എസ് കുമാരി സുജ സമർപ്പിച്ച 20.12.2018 തീയതിയിലെ അപ്പീൽ അപേക്ഷ

4. നഗരകാര്യഡയറക്ടറുടെ 07.03.2019 തീയതിയിലെ വി1-7086/17 നമ്പർ കത്ത്.

## ഉത്തരവ്

തൃപ്പൂണിത്തുറ നഗരസഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള പെൻഷൻ വിഹിതം ഇനത്തിൽ നഗരകാര്യഡയറക്ടറേറ്റിൽ ലഭ്യമാക്കിയിരുന്ന ഡിമാന്റ് ഡ്രാഫ്റ്റ് യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതെ, റീ വാലിഡേറ്റ് ചെയ്യുന്നതിന് തൃപ്പൂണിത്തുറ നഗരസഭയിലേക്ക് തിരികെ അയച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പരാമർശം 1ലെ കത്ത് പ്രകാരം നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം ടി കാലയളവിലെ ഫിനാൻസ് ഓഫീസർ ശ്രീ ഡി രാജീവ് കുമാർ, പെൻഷൻ ഓഫീസർ ശ്രീ എസ് യശോധരൻ, സീനിയർ സൂപ്രണ്ട് ശ്രീ എ. പ്രേംകുമാർ സെക്ഷൻ ക്ലാർക്ക് ശ്രീമതി ടി.എസ് കുമാരി സുജ എന്നിവർക്കെതിരെ നഗരകാര്യ ഡയറക്ടർ അച്ചടക്കനടപടികൾ സ്വീകരിക്കുകയും ടിയാളുകളുടെ മറുപടികളുടേയും ഇക്കാര്യത്തിലുള്ള വിശദമായ പരിശോധനയുടേയും അടിസ്ഥാനത്തിൽ ഫിനാൻസ് ഓഫീസർ ശ്രീ ഡി രാജീവ് കുമാറിനെയും പെൻഷൻ ഓഫീസറായി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ എസ്.യശോധരനെയും അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കിയും മേൽനോട്ടക്കുറവ് ചുമത്തപ്പെട്ട സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ എ.പ്രേംകുമാറിന്

'സെൻഷർ' നൽകിയും, സെക്ഷൻ ക്ലാർക്ക് ശ്രീമതി ടി.എസ് കുമാരി സുജയുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ടും പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ ഉത്തരവിനെതിരെ ശ്രീമതി ടി.എസ് കുമാരി സുജ, സർക്കാരിൽ സമർപ്പിച്ച പരാമർശം 3 അപ്പീൽ അപേക്ഷ പ്രകാരം, തന്റെ ഭാഗത്ത് നിന്നും ഡി.ഡി.ക്രഡിറ്റ് ചെയ്യുന്നതിൽ മനപൂർവ്വമല്ലാതെയുണ്ടായ കാലതാമസം മാപ്പാക്കി നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പുന.പരിശോധിച്ച് തന്നെ നേരിൽകേട്ട്, തനിക്കെതിരായ നടപടി ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചിരുന്നു.

3. അപ്പീൽ അപേക്ഷയിലെ ആവശ്യപ്രകാരം ശ്രീമതി ടി.എസ് കുമാരി സുജയെ, തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി 10.04.2019 ന് നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട അവസരത്തിലെ ടിയാളുടെ വാദങ്ങൾ പ്രകാരം, ഡി.ഡി.ക്രഡിറ്റ് ചെയ്യുന്നതിൽ മനപൂർവ്വമല്ലാതെയുണ്ടായ കാലതാമസം സംബന്ധിച്ച തനിക്കെതിരായ കുറ്റാരോപണമെമ്മോയ്ക്ക് താൻ നൽകിയ സമാധാനം പരിഗണിക്കാതെയാണ് തന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞു കൊണ്ടും ഉത്തരവായത് എന്നും പ്രസ്തുത സീറ്റ് കൈകാര്യം ചെയ്തിരുന്ന എല്ലാ ജീവനക്കാരും ഡി.ഡി.കൾ റീവാലിഡേറ്റ് ചെയ്തിട്ടുള്ളതാണ് എന്നും പ്രസ്തുത പ്രവൃത്തി മുഖേന സർക്കാരിന് യാതൊരുവിധ സാമ്പത്തികനഷ്ടവും സംഭവിച്ചിട്ടില്ലായെന്നിരിക്കെ തനിക്ക് മാത്രമാണ് ശിക്ഷ ലഭിച്ചിട്ടുള്ളതെന്നും അറിയിച്ചിരുന്നു. കൂടാതെ താൻ 15.06.2016-ൽ പി.6 സെക്ഷനിൽ ചാർജ്ജെടുത്ത ശേഷം 346 ഓളം ഡി.ഡികൾ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ട്രഷറിയിൽ നിന്നും പേ ഇൻ സ്ലിപ്പ് ലഭിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളതെന്നും, പേ ഇൻ സ്ലിപ്പ് ലഭിക്കാതെ വന്നപ്പോൾ സെക്ഷനിൽ നിന്നും വകുപ്പിന്റെ സ്റ്റേഷനറി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ജി3 സെക്ഷനിലേക്ക് നോട്ട് നൽകിയതാണെന്നും ഒരു മാസം കഴിഞ്ഞിട്ടും സ്ലിപ്പ് ലഭിക്കാത്തതിനാൽ ട്രഷറിയിൽ നിന്നും ലഭിച്ച ഒരു സ്ലിപ്പിന്റെ ഫോട്ടോകോപ്പി ഉപയോഗിച്ച് ഡിഡികൾ ക്രെഡിറ്റ് ചെയ്തുവെന്നും, ഡിഡികൾ കാലാവധി തീരുന്നതിന് 15 ദിവസം മുമ്പ് ട്രഷറിയിൽ ഏൽപ്പിക്കണമെന്ന് ട്രഷറിയിൽ നിന്നും നിർദ്ദേശമുള്ളതിനാലാണ് 02.02.2017-ൽ കാലാവധി കഴിയുന്ന ഡിഡി 23.01.2017-ൽ റീ-വാലിഡേറ്റ് ചെയ്യുന്നതിന് മടക്കി അയച്ചതെന്നും കറണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാകയാൽ പെൻഷൻ ഫണ്ടിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും നാഷണൽ പെൻഷൻ സിസ്റ്റം സംബന്ധിച്ച ജോലിത്തിരക്കുകൾ മൂലമാണ് ഡിഡി ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസമുണ്ടായതെന്നും വിശദീകരിച്ചിരുന്നു. ആയതിനാൽ മന:പൂർവ്വമല്ലാത്ത കാലതാമസം മാപ്പാക്കി ഉത്തരവ് പുന:പരിശോധിക്കണമെന്നും ശ്രീമതി കുമാരി സുജ അപേക്ഷിക്കുകയുണ്ടായി.

4. ശ്രീമതി ടി.എസ് കുമാരി സുജ, സമർപ്പിച്ച അപ്പീൽ അപേക്ഷ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും നേരിൽകേട്ട സമയത്തെ ടിയാളുടെ വാദങ്ങളുടേയും അടിസ്ഥാനത്തിൽ, സർക്കാർ വിശദമായി പരിശോധിച്ചു. തൃപ്പൂണിത്തുറ നഗരസഭയിൽ നിന്ന് നഗരകാര്യഡയറക്ടറേറ്റിൽ ലഭ്യമാക്കിയിരുന്ന ഡിമാന്റ് ഡ്രാഫ്റ്റ് യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതെ, റീ വാലിഡേറ്റ് ചെയ്യുന്നതിന് തൃപ്പൂണിത്തുറ നഗരസഭയിലേക്ക് തിരികെ അയച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത വീഴ്ചയ്ക്ക് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരുന്നതനുസരിച്ചാണ് നഗരകാര്യഡയറക്ടർ പ്രസ്തുത ജീവനക്കാർക്കെതിരേ അച്ചടക്കനടപടി സ്വീകരിച്ചിരുന്നത്. ശ്രീമതി ടി.എസ് കുമാരി സുജയുടെ വാദങ്ങൾ പ്രകാരമുള്ള, ട്രഷറിയിൽ നിന്നും പേ ഇൻ സ്ലിപ്പ് ലഭിക്കാത്തതിനാലും നാഷണൽ പെൻഷൻ സിസ്റ്റം സംബന്ധിച്ച ജോലിത്തിരക്കുകൾ മൂലവുമാണ് ഡിഡി ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസം വന്നതെന്നും, കറണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാകയാൽ പെൻഷൻ ഫണ്ടിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നതുമുള്ള കാരണങ്ങൾ, രണ്ടു മാസത്തിലധികം ഡിഡി ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് സാധൂകരണമല്ലാത്തതിനാലാണ് ശ്രീമതി ടി എസ് കുമാരി സുജയ്ക്ക് ലഘുശിക്ഷയായി ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് നഗരകാര്യഡയറക്ടർ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ നഗരകാര്യഡയറക്ടറുടെ തീരുമാനം അംഗീകരിച്ച്, ശ്രീമതി.ടി.എസ്.കുമാരി സുജയുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ചു കൊണ്ട് ടിയാളുടെ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ &ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം

ശ്രീമതി ടി.എസ് കുമാരി സുജ, സീനിയർ ക്ലർക്ക്, നഗരകാര്യഡയറക്ടറേറ്റ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ